# അസ്മാബീസ് ഫിലിം ഫെസ്റ്റിവൽ

കൊടുങ്ങല്ലൂർ: എം.ഇ.എസ് അസ്മാബി കോളജ് ഡിജിറ്റൽ ഫിലിം പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റും കൊടുങ്ങലൂർ ഫിലിം സൊസൈറ്റിയും സംയുക്തമായി സംഘടിപ്പിക്കുന്ന രണ്ടാമത് എഡിഷൻ അസ്മാബീസ് ലൈറ്റ്ഹൗസ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ സിനിമാ താരം ഷൈൻ ടോം ചാക്കോ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ പ്രഫ. ഡോ. എ. ബിജു അധ്യക്ഷത വഹിച്ചു. മാനേജ്മെന്റ് കമ്മിറ്റി ചെയർമാൻ അസ്പിൻ അഷ്റഫ്, സെൽഫ് ഫിനാൻസിങ് കോഴ്സ് ഡയറക്ടർ ഡോ. കെ.പി. സുമേധൻ, കൊടുങ്ങല്ലൂർ ഫിലിം സൊസൈറ്റി ഭാരവാഹികളായ ഇ.എം. ഫാരിസ്, സലിൽ, ഡോ. കെ. കേശവൻ, ഡിജിറ്റൽ ഫിലിം പ്രൊഡക്ഷൻ ഡിപ്പാർട്ട്മെന്റ് മേധാവി മൈനാഗ് സുരേഷ് എന്നിവർ സംസാരിച്ചു.